KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ : 3025/Plg      തിയ്യതി : 01.04.2026

## സർക്കുലർ നമ്പർ 22/ 2026 (BD)

വിഷയം : 2026-27 സാമ്പത്തിക വർഷത്തിൽ പുതിയ ചിട്ടി പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 18.02.2026 ലെ 593 -ാം ഭരണസമിതി യോഗത്തിന്റെ 10871- ാം നമ്പർ തീരുമാനം.
2. സർക്കുലർ നമ്പർ 18/2026(BD) തിയ്യതി 27.03.2026

2025-26 സാമ്പത്തിക വർഷം 1193.64 കോടി രൂപയുടെ പുതിയ ചിട്ടി ബിസിനസ്സ് ആർജ്ജിച്ചു കൊണ്ട് റെക്കോർഡ് നേട്ടം കൈവരിച്ച കരുത്തുമായാണ്, കെ.എസ്.എഫ്.ഇ. പുതിയ സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നത്. ലക്ഷ്യമിട്ടതിനേക്കാൾ 20.86 കോടി രൂപ ഡൊമസ്റ്റിക് ചിട്ടിയിൽ അധികം സമാഹരിക്കാൻ സാധിച്ചു. ഇതിന് ഏകമനസ്സോടെ പ്രവർത്തിച്ച കെ.എസ്.എഫ്.ഇ. കുടുംബാംഗങ്ങളെ ഹാർദ്ദമായി അഭിനന്ദിച്ചു കൊള്ളുന്നു.

പുതിയ സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ നമ്മുടെ ചിട്ടി ലക്ഷ്യങ്ങൾ പുതിയ തരത്തിലാണ് വിഭാവനം ചെയ്ത് നടപ്പാക്കുന്നതെന്ന് സൂചന (2) പ്രകാരം നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. Aggregate സലയെ ആസ്പദമാക്കിയുള്ള ചിട്ടി ലക്ഷ്യവും വികേന്ദ്രീകൃത എൻറോൾമെന്റും തീർച്ചയായും നമ്മുടെ പ്രവർത്തനങ്ങൾക്ക് വലിയ ഊർജ്ജം പകരും എന്നതിൽ സംശയമില്ല. ഒരു കോടി ഇടപാടുകാർ എന്ന ലക്ഷ്യം കൂടി സാക്ഷാത്കരിക്കുന്നതിനുതകും വിധം 2026-27 സാമ്പത്തിക വർഷം **എംപവർ ചിറ്റ്സ് (Empower Chits)** എന്ന പുതിയ ചിട്ടി പദ്ധതി 3 സീരീസുകളിലായി 2026 ഏപ്രിൽ 1 മുതൽ ആരംഭിക്കുകയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പദ്ധതിയുടെ പേര്** : **"കെ. എസ്. എഫ്. ഇ. എംപവർ ചിറ്റ്സ് "**
**കാലയളവ്** : 2026 ഏപ്രിൽ 1 മുതൽ 2027 ഫെബ്രുവരി 28 വരെ

**പദ്ധതി ലക്ഷ്യം** : 57500 കോടി രൂപ (ഡൊമസ്റ്റിക് ചിട്ടി)
(Aggregate Sala) 3000 കോടി രൂപ (പ്രവാസി ചിട്ടി)

### എംപവർ ചിട്ടി പദ്ധതിയുടെ പൊതുവായ സമ്മാനങ്ങൾ

**സംസ്ഥാനതല**

**മെഗാ ബംബർ സമ്മാനം :** 1.5 കോടി രൂപയുടെ വില്ല (അഥവാ പരമാവധി ഒന്നരക്കോടി രൂപ) (ഒരാൾക്ക്)

**മേഖലാതല**

**സമ്മാനങ്ങൾ** : 200 ഇലക്ട്രിക് സ്കൂട്ടറുകൾ (അഥവാ പരമാവധി 1,25,000/-രൂപ വീതം 200 പേർക്ക്)
സമ്മാനങ്ങളുടെ (ഇലക്ട്രിക് സ്കൂട്ടറുകൾ) എണ്ണം മേഖലതിരിച്ച് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

**എംപവർ ചിറ്റ്സ് സിരീസ് 1 : 2026 ഏപ്രിൽ 1 മുതൽ 2026 ജൂൺ 30 വരെ.**

ചിട്ടി ലക്ഷ്യം : 15000 കോടി രൂപ (ഡൊമസ്റ്റിക് ചിട്ടി)
750 കോടി രൂപ (പ്രവാസി ചിട്ടി)

മേഖലകളുടെ എംപവർ ചിറ്റ്സ് സീരീസ്-1 പദ്ധതി ലക്ഷ്യം ഇതോടൊപ്പം അനുബന്ധം 2 ൽ കൊടുത്തിരിക്കുന്നു. കൂടാതെ ശാഖകൾക്കുള്ള എംപവർ ചിറ്റ്സ് സീരീസ്-1 പദ്ധതി ലക്ഷ്യം ഡാഷ്ബോർഡിലൂടെ ലഭ്യമാക്കുന്നതാണ്.

**ആദ്യ സീരീസിലെ ചിട്ടി വരിക്കാർക്കുള്ള ശാഖാതല സമ്മാനം**

ആദ്യ പദ്ധതി കാലയളവായ 2026 ജൂൺ 30 വരെ ഓരോ ചിട്ടിയിലും ചേരുന്ന വരിക്കാരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന പത്തിൽ ഒരാൾക്ക് 1000 രൂപയുടെ ഗിഫ്റ്റ് ചെക്ക് സമ്മാനമായി നൽകുന്നതാണ്. വിജയികളാകുന്നവരുടെ സമ്മാനത്തുക സുഗമ അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.

**ശാഖാതല സമ്മാനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

- ഓരോ ചിട്ടിയിലും 10-ൽ ഒരാൾക്ക് സമ്മാനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. (ഉദാ:10000x50x4 ഡിവിഷൻ ചിട്ടിയിൽ 20 പേർക്കും 25 മാസ കാലാവധിയുള്ള ചിട്ടികളിൽ 2 സമ്മാനങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.)
- ഓരോ ചിട്ടിയുടെയും ആദ്യ ലേല ദിവസം തന്നെ വിജയികളെ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതാണ്. ഫോർമാന്റെ ടിക്കറ്റ് ഒഴിച്ച് നിർത്തി ബാക്കി എല്ലാ ടിക്കറ്റുകളും ചേർത്ത് വേണം നറുക്കെടുപ്പ് നടത്തേണ്ടത്.
- 'ഒരു ചിട്ടിയിൽ ഒരു വ്യക്തിയ്ക്ക് ഒരു സമ്മാനം മാത്രം' എന്ന രീതിയിൽ നറുക്കെടുപ്പ് ക്രമീകരിക്കേണ്ടതാണ്.

**കെ.എസ്.എഫ്.ഇ. എംപവർ ചിറ്റ്സ് പദ്ധതി - മറ്റ് നിർദ്ദേശങ്ങൾ**

1. മേഖലകളും ശാഖകളും 2026-27 സാമ്പത്തിക വർഷത്തെ Aggregate Sala ലക്ഷ്യം നേടുന്നതിനായി ചിട്ടികൾ അനൗൺസ്മെന്റ് നടത്തുമ്പോൾ 2025-26 സാമ്പത്തിക വർഷത്തെ ചിട്ടി മാസസലയേക്കാൾ (Outstanding Sala) കുറയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. വികേന്ദ്രീകൃത എൻറോൾമെന്റ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി, എംപവർ ചിറ്റ്സ് സീരീസ് 1 കാലയളവിൽ ശാഖകളിൽ നിന്നും തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ചിട്ടികളുടെ മുൻകൂർ അനുമതി മേഖലാ ഓഫീസിൽ നിന്നും വാങ്ങുകയും ഏപ്രിൽ മാസം 10 നകം കാസ്സയിൽ അനൗൺസ്മെന്റ് നടത്തുകയും ചെയ്യേണ്ടതാണ്.
3. ശാഖകളിൽ നിന്നും മേഖലകളിലേക്ക് അനുമതിയ്ക്കായി വരുന്ന 60 മാസ കാലാവധിയിൽ കൂടുതലുള്ള മൾട്ടി ഡിവിഷൻ ചിട്ടികൾ, അതാത് മേഖലകൾ വേണ്ടത്ര വിശകലനം ചെയ്ത്, ശാഖകളുടെ സാധ്യതകൾ, ചിട്ടി കുടിശ്ശിക, AQI എന്നിവ കണക്കിലെടുത്ത് അനുയോജ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്. തുടർന്ന്, ഹെഡ് ഓഫീസ് ബിസിനസ്സ് വകുപ്പിലേയ്ക്ക് ശുപാർശ ചെയ്ത് വരുന്ന പക്ഷം GM(Business)ന്റെ നേതൃത്വത്തിൽ ഒരു സമിതി അന്തിമ തീരുമാനമെടുത്ത് അനുമതി നൽകുന്നതാണ്
4. ബംബർ സമ്മാന നറുക്കെടുപ്പ് തീയതിക്ക് മുൻമാസാവസാനം വരെ മുടക്കമില്ലാത്ത വരിക്കാരെ മാത്രമേ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുകയുള്ളൂ. പദ്ധതി കാലയളവിനുള്ളിൽ സബ്സ്റ്റിറ്റ്യൂഷനിലൂടെ എംപവർ ചിറ്റ്സിൽ അംഗമാകുന്ന ചിറ്റാളന്മാരെയും (DBC ഉൾപ്പെടെ) ഈ രീതിയിൽ മെഗാ സമ്മാന നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതാണ്.
5. 'ഒരു വ്യക്തിയ്ക്ക് ഒരു മേഖലാതല സമ്മാനം മാത്രം' എന്ന രീതിയിൽ നറുക്കെടുപ്പ് ക്രമീകരിക്കുന്നതാണ്.
6. സമ്മാനങ്ങൾക്ക് ബന്ധപ്പെട്ട നികുതി ബാധകമാണ്.

7. സമ്മാനത്തുകകൾ Sales Promotion & Publicity എന്ന ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

8. കെ.എസ്.എഫ്.ഇ.യിലെ സ്ഥിരം ജീവനക്കാരുടെയും ഏജന്റുമാരുടെയും അപ്രൈസർമാരുടെയും ബിസിനസ്സ് പ്രൊമോട്ടറുടെയും പേരിലുള്ള ടിക്കറ്റുകൾ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.

**2026-27 സാമ്പത്തിക വർഷം മേഖലകൾക്കും ശാഖകൾക്കുമുള്ള അംഗീകാരം**

**I. Chitty Achievement .**

2026-27 സാമ്പത്തിക വർഷത്തെ ചിട്ടിയുടെ വാർഷിക ലക്ഷ്യം സമയബന്ധിതമായി പൂർത്തിയാക്കുന്നതോടൊപ്പം അധിക ബിസിനസ്സ് ചെയ്യുന്നതിൽ (ശതമാനം, തുക എന്നിവയുടെ അടിസ്ഥാനത്തിൽ) മുന്നിൽ എത്തുന്ന രണ്ട് ശാഖകളെ വീതം മേഖലാതലത്തിലും (16x2=32) ഇതേ വിധത്തിൽ തന്നെ അധിക ബിസിനസ്സ് ചെയ്യുന്നതിൽ മുന്നിൽ എത്തുന്ന 10 ശാഖകളെ സംസ്ഥാനതലത്തിലും അംഗീകാരം നൽകുന്നതിനായി തെരഞ്ഞെടുക്കുന്നതാണ്.

**II. All Round Business Achievement**

ചിട്ടി, വായ്പ, നിക്ഷേപം എന്നിവയുൾപ്പെടുന്ന ബിസിനസ്സ് ലക്ഷ്യങ്ങൾ നേടുന്നതിൽ സംസ്ഥാനതലത്തിൽ ആദ്യസ്ഥാനങ്ങളിൽ ഇടം പിടിക്കുന്ന 10 ശാഖകൾക്കും 3 മേഖലകൾക്കും All Round Business Achievement Award നൽകുന്നതാണ്.

**ഏജന്റുമാർ / പ്രൊമോട്ടർമാർക്കുള്ള പ്രോത്സാഹന സമ്മാനം**

മേഖല അടിസ്ഥാനത്തിൽ, 2026-27 സാമ്പത്തിക വർഷം ചേർക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും സലയുടെ അടിസ്ഥാനത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 3 ഏജന്റുമാർക്ക് /ബിസിനസ്സ് പ്രൊമോട്ടർമാർക്ക് 50,000/- രൂപ, 30,000/- രൂപ, 20,000/- രൂപ എന്നീ ക്രമത്തിൽ പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. കൂടാതെ, സംസ്ഥാനതലത്തിൽ ഈ സാമ്പത്തിക വർഷം ചേർക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും സലയുടെ അടിസ്ഥാനത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 25 ഏജന്റുമാർക്ക് /ബിസിനസ്സ് പ്രൊമോട്ടർമാർക്ക് (മേഖലാതലത്തിൽ സമ്മാനാർഹരായ ആദ്യ മൂന്ന് സ്ഥാനക്കാരെ ഒഴിവാക്കി) 5,000/- രൂപ പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. ഒരു ഏജന്റ് തന്നെ അവരുടെ വ്യത്യസ്ത ഏജന്റ് കോഡുകളിൽ ടിക്കറ്റുകൾ ക്യാൻവാസ് ചെയ്യാൻ പാടുള്ളതല്ല.

ഈ പദ്ധതിയുടെ പ്രചരണ സാമഗ്രികളായ നോട്ടീസ്, ബാനറുകൾ തുടങ്ങിയവയുടെ മാതൃക ഹെഡ്ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഒരുലക്ഷം കോടിരൂപ എന്ന ആകെ ബിസിനസ്സ് നേട്ടം ആഘോഷിച്ചവേളയിൽ കെ.എസ്.എഫ്.ഇ. മുന്നോട്ടു വെച്ച ഒരു കോടി ഇടപാടുകാർ എന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്ക് എത്തിച്ചേരേണ്ടതുണ്ട്. അതിനായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യമാകും വിധം **എംപവർ ചിറ്റ്സ്** ഉപയോഗപ്പെടുത്തണമെന്നും ചിട്ടി ബിസിനസ്സിലുള്ള പുരോഗതി സമയബന്ധിതമായി ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു.

*വിശ്വസ്തതയോടെ*
*കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി*

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:**എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ്ക്വാഡുകൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ

## അനുബന്ധം -1

### മേഖലാതല സമ്മാനങ്ങളുടെ (ഇലക്ട്രിക് സ്കൂട്ടറുകൾ) എണ്ണം

| മേഖല | സമ്മാനങ്ങളുടെ എണ്ണം | മേഖല | സമ്മാനങ്ങളുടെ എണ്ണം |
|---|---|---|---|
| തൃശ്ശൂർ | 15 | കൊല്ലം അർബൻ | 12 |
| കോട്ടയം | 15 | കൊല്ലം റൂറൽ | 10 |
| കണ്ണൂർ | 15 | പാലക്കാട് | 10 |
| ആലപ്പുഴ | 14 | കോഴിക്കോട് അർബൻ | 10 |
| തിരുവനന്തപുരം അർബൻ | 14 | എറണാകുളം റൂറൽ | 10 |
| പത്തനംതിട്ട | 13 | കട്ടപ്പന | 10 |
| മലപ്പുറം | 13 | കോഴിക്കോട് റൂറൽ | 10 |
| തിരുവനന്തപുരം റൂറൽ | 12 | ഡിജിറ്റൽ ബിസിനസ്സ് സെന്റർ | 5 |
| എറണാകുളം അർബൻ | 12 | ആകെ | **200** |

## അനുബന്ധം -2

### കെ.എസ്.എഫ്.ഇ. എംപവർ ചിറ്റ്സ് സീരീസ്- 1 ന്റെ മേഖലാതല ലക്ഷ്യം. (കോടി രൂപയിൽ)

| മേഖല | S1 ലക്ഷ്യം | മേഖല | S1 ലക്ഷ്യം |
|---|---|---|---|
| തൃശ്ശൂർ | 1,324 | കൊല്ലം അർബൻ | 1,018 |
| കോട്ടയം | 1,168 | കൊല്ലം റൂറൽ | 750 |
| കണ്ണൂർ | 1,046 | പാലക്കാട് | 832 |
| ആലപ്പുഴ | 1,240 | കോഴിക്കോട് അർബൻ | 878 |
| തിരുവനന്തപുരം അർബൻ | 1,330 | എറണാകുളം റൂറൽ | 800 |
| പത്തനംതിട്ട | 758 | കട്ടപ്പന | 585 |
| മലപ്പുറം | 832 | കോഴിക്കോട് റൂറൽ | 607 |
| തിരുവനന്തപുരം റൂറൽ | 820 | ഡിജിറ്റൽ ബിസിനസ്സ് സെന്റർ | 750 |
| എറണാകുളം അർബൻ | 1,012 | ആകെ | **15,750** |